മുസ്‌ലിം രാഷ്ട്രീയത്തിന്റെ ദാർശനിക അടിത്തറക്ക് താത്വിക മാനം നൽകാൻ കാലിക വിഷയങ്ങളെ ഹരിത രാഷ്ട്രീയത്തിന്റെ കാഴ്ച്ചപാടിലൂടെ വ്യാഖ്യാനിച്ച ചിന്തകനും എഴുത്തുകാരനുമായിരുന്ന ചന്ദ്രികാ മുൻ പത്രാധിപർ റഹീം മേച്ചേരി പത്ര മാധ്യമങ്ങളിലും മറ്റ് ആനുകാലികങ്ങളിലും എഴുതിയ ലേഖനങ്ങളുടെ സമാഹാരമാണിത്. മേച്ചേരി എഴുതിയ ലേഖനങ്ങൾ ചേർത്ത് വെച്ചാൽ അത് ഇന്ത്യൻ രാഷ്ട്രീയത്തിന്റെയും മുസ്‌ലീം രാഷ്ട്രീയത്തിന്റെയും ചരിത്രമാവും. രാജ്യത്തെ മത-സാമൂഹിക സാംസ്കാരിക രാഷ്ട്രീയ രംഗത്തിന്റെ കലർപില്ലാത്ത ചിത്രം വ്യക്തമാവണമെങ്കിൽ മേച്ചേരിയുടെ ലേഖനങ്ങൾ കണ്ടെടുക്കുക തന്നെ വേണം എന്ന തിരിച്ചറിവാണ് ഇങ്ങനെ ഒരു സാഹസത്തിനു ഇറങ്ങി പുറപ്പെടാൻ ജിദ്ദാ കൊണ്ടോട്ടി മണ്ഡലം കെ.എം.സി.സി തീരുമാനിച്ചത്.

കെ.എം.സി.സി.യെ പോലുള്ള ഒരു പ്രവാസി സംഘടന ഇത്തരം ശ്രമകരമായ ഒരു പ്രവർത്തനം ഏറ്റെടുക്കുന്നതിന്റെ പരിമിതികളെ കുറിച്ച് ഞങ്ങൾക്ക് നല്ല ബോധ്യമുണ്ടായിരുന്നു. എന്നിട്ടും ഞങ്ങളെ മുന്നോട്ട് നയിച്ചത് നാട്ടിലെ അക്ഷര സ്നേഹികളായ ഒരുപറ്റം സുഹൃത്തുക്കളുടെ പ്രോത്സാഹനവും സഹായ വാഗ്ദാനവുമാണ്. അവർ അത് മനോഹരമായി നിർവഹിച്ചു തന്നതിൽ ഞങ്ങൾക്കുള്ള നന്ദിയും കടപ്പാടും ഇവിടെ രേഖപ്പെടുത്താതെ വയ്യ. ലേഖനങ്ങൾ തിരെഞ്ഞടുക്കാനും വിഷയാധിഷ്ടിതമായി വേർ തിരിച്ച് ക്രോഡീകരിക്കാനും എഡിറ്റിംഗ് അടക്കമുള്ള പ്രധാന ജോലികൾ ചെയ്യാനും സ്വയം സന്നദ്ധരായി ഈ ലേഖന സമാഹാരം കുറ്റമറ്റ രീതിയിൽ കോർത്തിണക്കിയ പി.എ. റഷീദ് സാഹിബിനോടും അദ്ദേഹത്തെ സഹായിച്ച ടി.പി.യം. ബഷീറിനോടും ഞങ്ങൾക്കുള്ള കടപ്പാട് വാക്കുകളിൽ ഒതുങ്ങുകയില്ല. അശ്റഫ് തങ്ങൾ ചെട്ടിപ്പടി, ടി.വി. ഇബ്രാഹിം എന്നിവർ ഇതിന് വേണ്ടി നന്നായി അദ്ധ്വാനിച്ചിട്ടുണ്ട്. കെ.പി. മുഹമ്മദ് കുട്ടി സാഹിബിന്റെയും, സി.പി. സൈതലവിയുടേയും സഹായവും ഉപദേശവും ഉണ്ടായിട്ടുണ്ട്. ഇ.ടി. മുഹമ്മദ് ബഷീർ സാഹിബും, എം.കെ. മുനീർ സാഹിബും ഇടക്കിടെ അന്വേഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു. അത് പോലെ ഗ്രേസിന്റെ പ്രവർത്തകരുടെ പ്രത്യേകിച്ച് പി. മുജീബുറഹ്മാന്റെ സേവനങ്ങൾ എടുത്ത് പറയേണ്ടതാണ്.

ഈ മഹത്തായ ഉത്തരവാദിത്വം ഏറ്റെടുക്കാൻ മുന്നിൽ നിന്ന ജിദ്ദാ കൊണ്ടോട്ടി മണ്ഡലം കെ.എം.സി.സി. ഭാരവാഹികളേയും ഇവിടെ പരാമർശിക്കേണ്ടതാണ്. രായിൻകുട്ടി നീറാട്, പാഴേരി കുഞ്ഞിമുഹമ്മദ്, എൻ. മുഹമ്മദ്, ബി. അബ്ദുഹാജി, പി.വി. ഹസ്സൻ സിദ്ധീഖ്, അഡ്വ: അശ്റഫ് ആക്കോട്, അബ്ബാസ് മുസ്‌ലിയാരങ്ങാടി, എൻ. അലവി, ലത്തീഫ് മുസ്‌ലിയാരങ്ങാടി, ബാപ്പുട്ടി ചേലേമ്പ്ര, സി.കെ. ശാക്കിർ, മധുവായി അബദുറഹ്മാൻ തുടങ്ങി മേച്ചേരിയെ ഏറെ സ്നേഹിച്ച ഇവരുടെ അദ്ധ്വാന ഫലമാണ് ഈ പുസ്തകം.

ചരിത്ര വിദ്യാർത്ഥികളും രാഷ്ട്രീയ നിരീക്ഷകരും മാത്രമല്ല ഇന്ത്യൻ രാഷ്ട്രീയത്തിന്റെ സങ്കീർണ്ണതകളിലൂടെ മുന്നോട്ട് പോകുന്ന ന്യൂനപക്ഷ രാഷ്ട്രീയത്തിന്റെ വാക്താക്കളും പ്രയോക്താക്കളും ഈ പുസ്തകം സൂക്ഷിച്ച് വെക്കണം. കാരണം മുസ്‌ലിം രാഷ്ട്രീയം പിന്നിട്ട വീഥികളിൽ പൂർവ്വ സൂരികൾ കാണിച്ച മഹത്തായ മാതൃകകൾ മേച്ചേരി ഈ താളുകളിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്, ആ മഹത്തായ മാതൃകകൾ പുതിയ തലമുറ പൈതൃകമായി ഏറ്റെടുക്കുമെന്ന പ്രതീക്ഷയോടെ മുസ്‌ലിം രാഷ്ട്രീയത്തിന്റെ വളർച്ചയും ഉയർച്ചയും മാത്രം സ്വപ്നം കണ്ട്, അതിന്ന് വേണ്ടി മാത്രം ചിന്തിക്കുകയും എഴുതുകയും ചെയ്ത മർഹൂം റഹീം മേച്ചേരിയുടെ പാവന സമരണക്കു മുമ്പിൽ ആദരം അർപ്പിച്ച് കൊണ്ട് ഈ ലേഖന സമാഹാരം വായനക്കാരിലേക്ക് സവിനയം സമർപ്പിക്കുന്നു.

എന്ന്

അബൂബക്കർ അരിമ്പ്ര
ജനറൽ സെക്രട്ടറി
കെ.എം.സി.സി. കൊണ്ടോട്ടി മണ്ഡലം
ജിദ്ദാ കമ്മിറ്റി.